

| | |
|---|---|
| വയസ്സ് | |
| ജനന തീയതി | |
| പേര് | |
| വിലാസം | |
| | |
| | |
| രക്ഷകർത്താവിന്റെ ഒപ്പ്: | |

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

## പാഠം 1: കാണാതെപോയ ആട്

വായന ഭാഗം
ലൂക്കോസ് 15 :1-7

താക്കോൽ വാക്യം
ലൂക്കോസ് 15:7

യൂണിറ്റ്-3
ലൂക്കോസ്
സുവിശേഷം

LEVEL - 2

8 മുതൽ 10 വയസ്സുവരെ

യേശു തന്നെ അനുഗമിച്ച ജനത്തോട് അനേകം കഥകൾ പറയുകയുണ്ടായി. ഈ ഓരോ കഥയ്ക്കും പ്രത്യേക അർത്ഥമുണ്ടായിരുന്നു

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വസ്തുക്കളുടെ ആദ്യത്തെ അക്ഷരവും അവസാനത്തെ വസ്തുവിന്റെ ഒടുവിലത്തെ അക്ഷരവും ചേർത്ത് കഥകൾക്ക് പറയുന്ന പേര് കണ്ടുപിടിക്കാം

| ഉറുമ്പ് | പഴം | മണി | കാക്ക | തേൾ |
|---|---|---|---|---|
| | | | | |

☐ /4

ഒരു ദിവസം യേശു ജനക്കൂട്ടത്തോട് സംസാരിക്കുകയായിരുന്നു. പരീശന്മാരും അവിടെ ഉണ്ടായിരുന്നു അവർ കരുതിയിരുന്നത് തങ്ങൾ വളരെ പ്രധാനപ്പെട്ട വ്യക്തികളെന്നാണ്. യേശു പാപികളായ ജനത്തോട് കൂടെ സമയം ചെലവഴിച്ചത് ഇവർക്ക് സന്തോഷമായില്ല. എല്ലാവരും പാപം ചെയ്തു എന്ന് വിശദമാക്കുവാൻ ഒരു ഇടയന്റെ നഷ്ടപ്പെട്ട ആടിനെക്കുറിച്ചുള്ള ഉപമ യേശു പറഞ്ഞു.

ഒരു ഇടയന് 100 ആടുകളുണ്ടായിരുന്നു. എന്നാൽ 99 ആടുകളെ ഉള്ളു എന്ന് ഒരു ദിവസം അദ്ദേഹം കണ്ടെത്തി അദ്ദേഹത്തിന്റെ ഒരാട് എവിടെയോ നഷ്ടപ്പെട്ടു.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ശരിയുത്തരത്തിന് വൃത്തം വരയ്ക്കുക.

| | | | |
|---|---|---|---|
| ഇടയന് ആകെ എത്ര ആട് ഉണ്ടായിരുന്നു? | 1 | 99 | 100 |
| എത്ര ആടാണ് നഷ്ടപ്പെട്ടത് | 1 | 99 | 100 |
| എത്ര ആടുകൾ ശേഷിച്ചു | 1 | 99 | 100 |

☐ /6

മറ്റ് ആടുകളെ വിട്ടിട്ട് ഇടയൻ നഷ്ടപ്പെട്ടതിനെ തേടി മരുഭൂമിയിലേക്ക് പോയി.



വളരെ നേരം അന്വേഷിച്ചന്വേഷിച്ച് ഒടുവിൽ തന്റെ ആടിനെ കണ്ടെത്തി. കണ്ടെത്തിയ തന്റെ ആടിനെ ഇടയൻ തോളിലേറ്റി വീട്ടിലേക്ക് മടങ്ങി വന്നു

നഷ്ടപ്പെട്ടുപോയ തന്റെ ആടിനെ കണ്ടെത്തിയതിൽ സന്തോഷവാനായ ഇടയൻ തന്റെ സ്നേഹിതന്മാരോടൊപ്പം സന്തോഷം പങ്കുവച്ചു

**ചോദ്യം:** എവിടെയാണ് ഇടയൻ ആടിനെ അന്വേഷിച്ച് പോയത്?

— — — — — —

**ചോദ്യം:** കണ്ടെത്തിയ ആടിനെ എങ്ങിനെയാണ് തിരികെ കൊണ്ടുവന്നത് ?

____________________________________________ ☐ /4

നാം ഓരോരുത്തരും ഈ കഥയിലെ നഷ്ടപ്പെട്ട ആടിനെപ്പോലെയാണ്. നാം എല്ലാവരും തെറ്റുകൾ ചെയ്യുന്നവരാണ്. പാപം ചെയ്യുമ്പോൾ നാം ദൈവത്തിൽ നിന്നും അകന്നുപോവുകയാണ്. നമ്മുടെ നല്ലയിടയനായ കർത്താവായ യേശു നമ്മെ ഓരോരുത്തരെയും അന്വേഷിക്കുകയും നാം ഓരോരുത്തരും അവന്റെ അടുക്കലേക്ക് മടങ്ങി എത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. നാം ചെയ്തതായ തെറ്റുകളെ ഓർത്ത് അനുതപിച്ച് യേശുവിൽ ആശ്രയിക്കുന്നു എങ്കിൽ അവൻ നമുക്ക് നല്ല ഇടയനായിരിക്കും.

**ചോദ്യം:** ചേരുംപടി ചേർക്കുക.

| | |
|---|---|
| 1. നാം ഓരോരുത്തരും | നല്ല ഇടയൻ |
| 2. യേശു | കാണാതപോയ ആടുകൾ |

☐ /4

നഷ്ടപ്പെട്ടുപോയ ആടിനെ കണ്ടെത്തിയപ്പോൾ ഒരു ആഘോഷം ഉണ്ടായതുപോലെ ഒരു പാപി പാപക്ഷമയ്ക്കായി യേശുവിന്റെ അടുക്കലേക്ക് കടന്നുവരുമ്പോൾ സ്വർഗ്ഗത്തിലും ഒരാഘോഷം ഉണ്ടാകും എന്ന് യേശു ജനത്തോട് വിശദീകരിച്ചു.

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ എഴുതുക.

ഒരുപാപി പാപക്ഷമക്കായി .......................... ന്റെ അടുക്കലേക്ക് കടന്നുവരുമ്പോൾ ................................. ഒരാഘോഷം ഉണ്ടാകും.

☐ /2

**ആകെ** ☐

# പാഠം 2: നഷ്ടപ്പെട്ട മകൻ


വായന ഭാഗം
ലൂക്കോസ് 15:11-24


താക്കോൽ വാക്യം
ലൂക്കോസ് 15 : 24

രണ്ട് പുത്രന്മാരുള്ള ഒരു മനുഷ്യന്റെ മറ്റൊരു ഉപമയും യേശു പറഞ്ഞു.

ഒരു ദിവസം ഇളയമകൻ തന്റെ പിതാവിന്റെ സമ്പത്തിൽ നിന്നും തന്റെ പങ്ക് വേണമെന്ന് ആവശ്യപ്പെട്ടു പണം ലഭിച്ചപ്പോൾ ഭവനം വിട്ട് അവൻ ദൂരദേശത്തേക്ക് പോയി. തന്റെ കൈവശമുണ്ടായിരുന്ന പണമൊക്കെയും അവൻ ആ ദേശത്ത് തനിക്കിഷ്ടമുള്ളതുപോലെ ചെലവഴിച്ചു.

**ചോദ്യം:** എവിടേക്കാണ് ഇളയമകൻ പോയത് ?

____ ര ദേ ____ _____ ക്ക്.

**ചോദ്യം:** പണം അവൻ എന്തു ചെയ്തു ?

________________________ ലെ ________________________ച്ചു.

തന്റെ കൈയിലുണ്ടായിരുന്ന പണമെല്ലാം തീർന്നുകഴിഞ്ഞപ്പോൾ ആ ദേശത്ത് വലിയൊരു ക്ഷാമമുണ്ടായി ആരും അവനെ സഹായിപ്പാൻ ഉണ്ടായിരുന്നില്ല. പന്നികളെ തീറ്റുന്ന ജോലി അവന് ലഭിച്ചു പന്നികൾ കഴിക്കുന്ന ആഹാരം കഴിക്കുവാൻ ആഗ്രഹിക്കത്തക്കവണ്ണം അവൻ വിശപ്പുകൊണ്ട് വലഞ്ഞു.

ഭവനത്തിലായിരുന്നപ്പോൾ അവന് ലഭിച്ചിരുന്ന എല്ലാ നല്ല കാര്യങ്ങളെക്കുറിച്ചും അവർ ചിന്തിക്കുവാൻ തുടങ്ങി. തന്റെ പിതാവ് തന്നെ ഇനി ഒരിക്കലും കാണുവാൻ ആഗ്രഹിക്കില്ല എന്ന് ചിന്തിച്ചെങ്കിലും തിരികെ ഭവനത്തിലേക്ക് പോയി ഒരു ദാസന്റെ വേലയെങ്കിലും ചോദിക്കുവാൻ അവൻ തീരുമാനിച്ചു.



**ചോദ്യം:** താഴെപ്പറയുന്ന വാചകങ്ങൾ തെറ്റോ ശരിയോ എന്നെഴുതുക ?

1. മകന്റെ കയ്യിൽ ധാരാളം പണം ശേഷിച്ചിരുന്നു. ........................
2. ദൂരദേശത്ത് എല്ലാവരും അവനെ സഹായിപ്പാൻ ശ്രമിച്ചു. ........................
3. പന്നികൾ തിന്നുന്ന ആഹാരം കഴിക്കുവാൻ അവൻ ആഗ്രഹിച്ചു. ........................
4. ഭവനത്തിലേക്ക് പോകുവാൻ മകൻ തീരുമാനിച്ചു ........................

☐ /8



തന്റെ ഇളയ മകൻ ഭവനത്തിലേക്ക് മടങ്ങി വരുന്നത് കണ്ട പിതാവ് അധികം സന്തോഷിച്ചു. അദ്ദേഹം അവന്റെ അടുക്കലേക്ക് ഓടിച്ചെന്ന് കെട്ടി പിടിച്ച് അവനെ ഉമ്മവച്ചു.

***സന്തോഷവാനായ പിതാവിന്റെ മുഖം വരയ്ക്കുക.***

/3

പിതാവിന്റെ ഭവനം വിട്ട് പോയതിലും സമ്പത്ത് നഷ്ടമാക്കിയതിലും അവൻ അനുതപിച്ചു. പിതാവ് അവനോട് ക്ഷമിച്ച് വീട്ടിലേക്ക് സ്വീകരിച്ചു. അദ്ദേഹം അവന് പുതിയ മേലങ്കിയും, ചെരുപ്പും, മോതിരവും കൊടുത്തു. തന്റെ മകന്റെ തിരിച്ചുവരവ് ആഘോഷിക്കുവാൻ അന്ന് രാത്രി പിതാവ് വലിയൊരു വിരുന്നൊരുക്കി.

**ചോദ്യം:** ***പിതാവ് തന്റെ മകനെക്കുറിച്ച് പറഞ്ഞ ഈ വാക്കുകൾക്ക് നിറം കൊടുക്കുക.***

# ഈ മകൻ കാണാതെ പോയിരുന്നു കണ്ടുകിട്ടിയിരിക്കുന്നു

/3

**ലൂക്കോസ് 15:24**

ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിന്റെ ചിത്രീകരണമാണ് ഈ കഥ. ദൈവം നമ്മുടെ പാപങ്ങളെ വെറുക്കുന്നു എങ്കിലും അവൻ നമ്മെ സ്നേഹിക്കുന്നു. നാം യഥാർത്ഥമായി നമ്മുടെ തെറ്റുകളെക്കുറിച്ച് അനുതപിക്കുമെങ്കിൽ ദൈവം നമ്മോട് ക്ഷമിച്ച് അവന്റെ ഭവനത്തിലേക്ക് സ്വീകരിക്കും.

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുക.

/2

നമ്മുടെ തെറ്റുകളെക്കുറിച്ച് അനുതപിക്കുമെങ്കിൽ ദൈവം നമ്മോട്..........................

**ആകെ**

# പാഠം 3: ഇരുണ്ട ദിനം



വായന ഭാഗം
ലൂക്കോസ് 23:13-26



താക്കോൽ വാക്യം
ലൂക്കോസ് 23:34

യേശു ഭൂമിയിൽ ജീവിച്ചിരുന്ന സന്ദർഭത്തിൽ അനേകം ആളുകൾ അവനെ പിന്തുടരുകയും അവൻ പഠിപ്പിച്ചതായ കാര്യങ്ങൾ കേൾക്കുകയും ചെയ്തു. എങ്കിലും അവരിൽ ചിലർക്ക് അവന്റെ പഠിപ്പിക്കലുകൾ ഇഷ്ടപ്പെട്ടില്ല. അവർ അവനെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുവാൻ ശ്രമിച്ചു.

ഈ ജനം യേശുവിനെ പിടിച്ച് അന്നത്തെ ഭരണാധികാരിയായിരുന്ന പീലാത്തോസിന്റെ മുമ്പാകെ കൊണ്ടു വന്നു. യേശുവിനെ ക്രൂശിക്കണമെന്ന് അവർ പീലാത്തോസിനോട് അപേക്ഷിച്ചു. യേശു ക്രൂശുമരണം അർഹിക്കുന്നു എന്ന് പീലാത്തോസ് കരുതിയില്ല. ആയതിനാൽ യേശു യാതൊരു തെറ്റും ചെയ്തിട്ടില്ല എന്ന് ജനത്തെ ബോധ്യപ്പെടുത്തുവാൻ അവൻ ശ്രമിച്ചു. എന്നാൽ ഇതുകേട്ട ജനം കോപിഷ്ഠരായി "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക" എന്നാർത്തു. അവസാനം യേശുവിനെ കൊണ്ടുപോയി ക്രൂശിക്കുവാൻ പീലാത്തോസ് ജനത്തെ അനുവദിച്ചു.

**ചോദ്യം:** ചേരുംപടി ചേർക്കുക.

| | |
|---|---|
| യേശു തെറ്റ് ചെയ്തിട്ടില്ലായിരുന്നു എന്ന് ആർക്ക് അറിയാമായിരുന്നു | യേശു |
| ക്രൂശിക്ക ക്രൂശിക്ക എന്നാർത്തത് ആരായിരുന്നു. | പീലാത്തോസ് |
| ക്രൂശിക്കാനായി ആരെയാണ് കൊണ്ടുപോയത്. | ജനക്കൂട്ടം |

☐/3



കാൽവറി എന്നറിയപ്പെടുന്ന സ്ഥലത്ത് രണ്ട് കള്ളന്മാരുടെ നടുവിൽ യേശു ക്രൂശിതനായി.

**ചോദ്യം:** ശരിയായ ഉത്തരത്തിന് ചുറ്റും വരയ്ക്കുക.

എത്രപേരാണ് യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ടത് ?

1 2 3

☐/3



യേശു ക്രൂശിൽ കിടക്കുമ്പോഴും ജനങ്ങൾ അവനെ പരിഹസിച്ചുകൊണ്ടിരുന്നു. തന്നെ ക്രൂശിച്ചവരോട് ക്ഷമിക്കുവാൻ യേശു ദൈവത്തോട് അപേക്ഷിച്ചു. യേശു ക്രൂശിൽ കിടന്നപ്പോൾ ദേശത്തെങ്ങും ഇരുൾ ഉണ്ടായി. "പിതാവേ ഞാൻ എന്റെ ആത്മാവിനെ അങ്ങയുടെ കൈയ്യിൽ ഏൽപ്പിക്കുന്നു" എന്ന് പറഞ്ഞ് യേശു ജീവൻ വെടിഞ്ഞു.

**ചോദ്യം:** ചേരുംപടി ചേർക്കുക.

1. യേശുവിനെ എന്തിന്മേലാണ് കൊന്നത് .......................... ☐ 

2. യേശു കുരിശിലായിരുന്നപ്പോൾ ദേശത്തെങ്ങും എന്താണ് വ്യാപിച്ചത് ............................. ☐ 

3. യേശു കുരിശിലായിരുന്നപ്പോൾ ജനം എന്താണ് ചെയ്തുകൊണ്ടിരുന്നത്? അവർ പരി.......................... ☐ 

4. യേശു മരിച്ചപ്പോൾ പറഞ്ഞത് എന്റെ ആ........................ തൃക്കയ്യിൽ ഏൽപ്പിക്കുന്നു. ☐ ഇരുട്ട്

യേശുവിനെ സ്നേഹിച്ച ജനങ്ങൾക്ക് ഇതൊരു ദുഃഖദിനമായിരുന്നു. എന്നാൽ യേശു കുരിശിൽ മരിക്കുവാൻ ഇടയായത് യേശു നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ്. നമ്മുടെ ഓരോരുത്തരുടേയും പാപത്തിന് വേണ്ടിയാണ് യേശു മരിച്ചത്. യേശു മരിച്ചതുകൊണ്ട് നമ്മുടെ തെറ്റുകളെ മോചിക്കുവാൻ യേശുവിന് കഴിയും. നിങ്ങൾ യേശുവിൽ ആശ്രയിച്ച് പാപക്ഷമയ്ക്കായി യേശുവിനോട് യാചിക്കുകയാണെങ്കിൽ തീർച്ചയായും നമ്മോട് ക്ഷമിക്കും.

| |
|---|
| നിങ്ങൾ ചെയ്തുപോയ തെറ്റിനെക്കുറിച്ച് എപ്പോഴെങ്കിലും യേശുവിനോട് ക്ഷമ യാചിച്ചിട്ടുണ്ടോ? |

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാചകം പൂർത്തിയാക്കുക.

1. യേശു മരിക്കുവാനിടയായത് അവൻ നമ്മെ ______________________ ണ്ടാണ്.

2. നാം യേശുവിൽ ___ ___ ___ ച്ച് ___ ___ ___ ക്കായി യേശുവിനോട് യാചിക്കണം.

☐ /6

**ആകെ** ☐

## പാഠം 4: പ്രകാശപൂർണ്ണമായ ദിവസം



വായന ഭാഗം
ലൂക്കോസ് 23:55-56
24: 1-12



താക്കോൽ വാക്യം
ലൂക്കോസ് 24 : 6

യേശു മരിച്ചതിനാൽ യേശുവിന്റെ സ്നേഹിതർ വളരെ ദുഃഖത്തിലായിരുന്നു. യേശുവിനെ അനുഗമിച്ചവരിൽ ചില സ്ത്രീകൾ യേശുവിന്റെ ശരീരം എവിടെ വെച്ചു എന്ന് നോക്കി. അവർ യേശുവിന്റെ ശരീരത്തിൽ പുരട്ടുവാൻ സുഗന്ധവർഗ്ഗം ഒരുക്കിയിരുന്നു.

**ചോദ്യം:** സ്ത്രീകൾ എന്താണ് ചെയ്തത് ?

☐ /4

യേശുവിന്റെ __ __ __ പുരട്ടുവാൻ __ __ __ __ __ ഒരുക്കി.



ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമായിരുന്ന ഞായറാഴ്ച രാവിലെ അവർ യേശുവിന്റെ കല്ലറയിലേക്ക് പോയി. അവർ അവിടെ എത്തിയപ്പോൾ കല്ലറവാതിൽ നീക്കിയിരിക്കുന്നതും യേശുവിന്റെ ശരീരം അവിടെ ഇല്ല എന്നതും കണ്ടു. സ്ത്രീകൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്നു. യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്ന് ചിന്തിച്ച് അവർ നില്ക്കുന്ന സമയത്ത് രണ്ട് ദൂതന്മാർ അവർക്ക് പ്രത്യക്ഷനായി. സ്ത്രീകൾ ഭയപ്പെടേണ്ട യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് പറഞ്ഞു.

**ചോദ്യം:** ദൂതന്മാർ പറഞ്ഞ വാക്കുകൾക്ക് നിറം കൊടുക്കുക ?

# അവൻ ഇവിടെ ഇല്ല
# ഉയിർത്തെഴുന്നേറ്റിരിക്കുന്നു

**ലൂക്കോസ് 24 : 6**

☐ /2

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് കളങ്ങളിൽ ഉത്തരം കണ്ടെത്തി ചുറ്റും വട്ടം വരയ്ക്കുക.

1. സ്ത്രീകൾ ഏത് ദിവസത്തിലാണ് കല്ലറയ്ക്കൽ വന്നത്?

2. ദിവസത്തിന്റെ ഏത് സമയത്താണ് അവർ കല്ലറയ്ക്കലെത്തിയത്?

3. ............... കല്ലറ വാതിൽക്കൽ നിന്ന് ഉരുട്ടിമാറ്റിയിരുന്നു.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒ | ഉ | യി | ർ | ത്തെ | ഴു | ന്നേ | റ്റി | രി | ക്കു | ന്നു |
| ന്നാ | ത | മ | ട | മ | ത | ഗ | മ | അ | ജ | ര |
| ം | ക | ക | ബ | ക | സ | ക | ഖ | തി | പ | ആ |
| ദി | ര | ണ്ട് | വി | ര | രി | ല്ല് | സ | കാ | ച | അ |
| വ | ച | ല | ജ | ല | യ | ധ | നി | ല | ത | ന്ന |
| സ | ത | സ | ലേ | സ | ര | ല | വ | ത്ത് | മ | ന |
| ം | പ | പ | മ | പ | ശ | ഷ | സ | ഹ | ട | ട |

4. എത്ര ദൂതന്മാരാണ് സ്ത്രീകൾക്ക് പ്രത്യക്ഷപ്പെട്ടത്?

☐ /10

5. യേശു മരണത്തിൽ നിന്ന് ................... എന്ന് ദുതന്മാർ പറഞ്ഞു.

ശിഷ്യന്മാരുടെ അടുക്കലേക്ക് സ്ത്രീകൾ ചെന്ന് തങ്ങൾ കണ്ടതായ വിവരങ്ങൾ അവരോട് പറഞ്ഞു. ശിഷ്യന്മാർക്ക് അവരുടെ വാക്കുകൾ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ പത്രോസ് യേശുവിന്റെ കല്ലറയ്ക്കലേക്ക് ഓടി. കല്ലറയിലേക്ക് നോക്കിയ പത്രോസ് കണ്ടത് യേശുവിന്റെ ശരീരത്തിൽ ചുറ്റിയിരുന്ന വസ്ത്രം അവിടെ ചുരുട്ടി വെച്ചിരുന്നതാണ്. സംഭവിച്ച കാര്യങ്ങൾ ഓർത്ത് പത്രോസ് ആശ്ചര്യപ്പെട്ടു.

**ചോദ്യം:** തങ്ങൾ കണ്ട കാര്യങ്ങൾ സ്ത്രീകൾ ആരോടാണ് പറഞ്ഞത്?

---------------------------------------------------

**ചോദ്യം:** കല്ലറയിലേക്ക് ഓടിയ ശിഷ്യൻ ആരാണ്?

---------------------------------------------------

☐ /4

പിന്നീട് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. അതിന് ശേഷം യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ശിഷ്യന്മാർക്ക് ഉറപ്പായി.

**ആകെ** ☐

യേശു ഉയിർത്തെഴുന്നേറ്റ ദിവസം യേശുവിന്റെ സ്നേഹിതന്മാർക്കെല്ലാം സന്തോഷമായിരുന്നു. യേശു ഇന്നും ജീവിക്കുന്നതിനാൽ നമുക്കും യേശുവിന്റെ ഉയിർപ്പിൽ സന്തോഷിക്കാം.

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

LEVEL - 2

8 മുതൽ 10 വയസ്സുവരെ

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

For Private Circulation Only

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA